# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ്. 90 /2023 (വെള്ളിയാഴ്ച ) തീയ്യതി: 10.11.2023

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 11.11.2023 | 12.11.2023 | 13.11.2023 | 14.11.2023 | 15.11.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 15 | 7 | 0.1 | 0.1 | 2 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 81 | 80 | 76 | 87 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 67 | 55 | 48 | 45 | 48 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 2 | 2 | 2 | 2 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 110 | 90 | 70 | 50 | 70 |
| മേഘവ്യാപ്തി (ഒക്ട) | 8 | 4 | 4 | 3 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ **ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴ** പ്രതീക്ഷിക്കുന്നു. കൂടിയ താപനില **34°C** വരെയും കുറഞ്ഞ താപനില **25°C** വരെയും പ്രതീക്ഷിക്കുന്നു.

### പൊതു നിർദ്ദേശങ്ങൾ:

കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

### കാർഷിക നിർദ്ദേശങ്ങൾ

**നെല്ല്**

- നെൽപാടങ്ങളിൽ **ഗാളീച്ച**യുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 6 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക.



**നെല്ല്**

- നെൽപ്പാടങ്ങളിൽ **ഇലചുരുട്ടിപ്പുഴു**വിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്ന്റെ മുട്ടക്കാർഡുകൾ 5 ആഴ്ച തുടർച്ചയായി ഏക്കറിന് 2cc എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ 1g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തളിക്കുക.



**ജാതി**

- മഴക്കാലത്തു ജാതിയിൽ **ഇലകൊഴിച്ചിൽ രോഗം** വരൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക.

**കോഴി**

- മഴക്കാലത്തു താരതമ്യേന പകൽവെളിച്ചം കുറവായതു കൊണ്ട്മുട്ടകോഴികളിൽ മുട്ടഉത്പാദനം കുറയാൻ സാധ്യതയുണ്ട്. ആയതിനാൽ, വെളിച്ചത്തിനായി ഫ്ലൂറസെൻറ്ലൈറ്റുകൾ ഇട്ടു ദിവസവും 16 മണിക്കൂർ എന്ന തോതിൽ വെളിച്ചം നൽകണം.